# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 2826

27.01.2014 ൽ മറുപടിക്ക്

### ആഭ്യന്തര - വിദേശ ടൂറിസ്റ്റുകളുടെ എണ്ണം

**ചോദ്യം**

**ശ്രീ. എസ്.ശർമ്മ**

എ) 2011-12, 2012-13 എന്നീ വർഷങ്ങളിൽ കേരളത്തിലെത്തിയ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ, അതിന്റെ കാരണമെന്തെന്നു വ്യക്തമാക്കുമോ;

ബി) ഈ സർക്കാർ അധികാരമേറ്റശേഷം സ്വദേശ-വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്കാകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.പി.അനിൽകുമാർ**
**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

എ) 2011-12, 2012-13 എന്നീ വർഷങ്ങളിൽ കേരളത്തിലെത്തിയ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

| | 2011 | 2012 | 2013 |
|---|---|---|---|
| ആഭ്യന്തര ടൂറിസ്റ്റുകൾ | 9381455 | 10076854 | 10734987 |
| വിദേശ ടൂറിസ്റ്റുകൾ | 732985 | 793696 | 851780 |

ബി) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പര്യാപ്തമായ തരത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ഈ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു:

- അന്താരാഷ്ട്ര വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര വ്യാപാര മേള, റോഡ്ഷോ.
- ആഭ്യന്തര വിനോദ സഞ്ചാരികളെ പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാര മേള, റോഡ് ഷോ
- സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം.
- ഡ്രീം സീസൺ എന്ന പേരിൽ ഏപ്രിൽ മുതൽ സെപ്തംബർ വരെ നീണ്ടു നിൽക്കുന്ന പദ്ധതി
- വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, കമ്പ്യൂട്ടർ ഇന്റർനെറ്റ്, ഫേസ് ബുക്ക് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ തുടങ്ങിയ നൂതന പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ